(സി) ചെലവൊന്നും ഉണ്ടായിട്ടില്ല.

വിദേശസഹായം ലഭിക്കുന്ന സംഘടനകൾ

8 (8) ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. നാലകത്ത് സൂപ്പി:
ശ്രീ. കെ. പി. എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെങ്കിലും സംഘടനകൾക്ക് വിദേശസഹായം ലഭിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ സംഘടനകൾക്ക് എന്തു തുക ലഭിക്കുന്നുവെന്നും ഏതു രാജ്യത്തിൽ നിന്നാണ് ലഭിക്കുന്നുതെന്നും വ്യക്തമാക്കുമോ;

(സി) കേന്ദ്ര ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങാതെ വിദേശസഹായം സ്വീകരിച്ചതായി ഏതെങ്കിലും സംഘടനകളെപ്പറ്റി പരാതിയുണ്ടോ?

ഉത്തരം

(എ & ബി) കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച വിവരമനുസരിച്ച് 1997-98ൽ സംസ്ഥാനത്ത് 1419 സംഘടനകൾക്ക് വിദേശ സഹായം ലഭിച്ചിട്ടുണ്ട്. കൂടാതെ 1999-ൽ പ്രധാനപ്പെട്ട 19 മത സംഘടനകൾക്കും ഒരു രാഷ്ട്രീയേതര സംഘടനയ്ക്കും വിദേശസഹായം ലഭിച്ചിട്ടുണ്ട്. വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) അത്തരം പരാതികളൊന്നും സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല.

വിദേശയാത്ര നടത്തിയ മന്ത്രിമാർ

9 (9) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ മന്ത്രിമാർ വിദേശ യാത്ര നടത്തിയിട്ടുണ്ടെന്നും ഓരോ മന്ത്രിമാരും സന്ദർശിച്ച രാജ്യങ്ങൾ ഏതെന്നും മന്ത്രിമാരുടെ പേര് സഹിതം പ്രത്യേകം പ്രത്യേകമായി വെളിപ്പെടുത്തുമോ;

(ബി) ഓരോ മന്ത്രിമാരും വിദേശ യാത്രയ്ക്കായി അലവൻസുകൾ അടക്കം ചെലവാക്കിയ തുകയുടെ വിവരം അവരുടെ പേര് സഹിതം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മുഖ്യമന്ത്രി ; അമേരിക്ക,ജർമ്മനി,നെതർലാന്റ്,യു.എ.ഇ., കാനഡ, ഫ്രാൻസ്, ഇറ്റലി, ദോഹ, ഒമാൻ, മസ്കറ്റ്, അബുദാബി, ദുബായ്, കുവൈറ്റ്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോസഫ് : ജർമ്മനി, റോം, യു.കെ, അമേരിക്ക, ബഹറൈൻ, കുവൈറ്റ്, ജർമ്മനി, നെതർലാന്റ്, സ്വിറ്റ്സർലാന്റ്, യു.എ.ഇ.,ഇറ്റലി, ദോഹ, ദുബായ്

ശ്രീ.ടി. കെ. രാമകൃഷ്ണൻ : ജർമ്മനി, യു.കെ, കുവൈറ്റ്, അമേരിക്ക

ശ്രീ.പിണറായി വിജയൻ (മുൻമന്ത്രി) : കാനഡ, ഫ്രാൻസ്, ഇറ്റലി, ചൈന, സിംഗപ്പൂർ, അമേരിക്ക

ശ്രീ. എ. സി. ഷൺമുഖദാസ് (മുൻ മന്ത്രി) : അമേരിക്ക

ശ്രീ. കെ. രാധാകൃഷ്ണൻ : ക്യൂബ

ശ്രീ. കെ. ഇ. ഇസ്മായിൽ : ഖത്തർ (ദോഹ), യു.എ.ഇ., കുവൈറ്റ്, ദുബായ്, അബുദാബി

ശ്രീ. പി. ആർ. കുറുപ്പ് (മുൻ മന്ത്രി) : അമേരിക്ക, ജർമ്മനി, നെതർലാന്റ്, സ്വീഡൻ

ശ്രീമതി സുശീലാ ഗോപാലൻ : ഈജിപ്ത് (കെയ്റോ), വിയറ്റ്നാം (ഹാനോയ്) ദുബായ്, അബുദാബി, മസ്കറ്റ്

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : അബുദാബി, ദുബായ്, ദോഹ, ഇസ്രയേൽ

ശ്രീ. ടി. ശിവദാസമേനോൻ : അബുദാബി, ദുബായ്, ദോഹ, ബഹറൈൻ, കുവൈറ്റ്, മസ്കറ്റ്

(ബി) വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

മന്ത്രിമാരുടെ വിദേശപര്യടനം

10 (10) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തേയ്ക്ക് വിദേശ നിക്ഷേപം ആകർഷിക്കുക എന്ന ഉദ്ദേശത്തോടു കൂടി ഏതെല്ലാം സംസ്ഥാന മന്ത്രിമാർ എത്ര പ്രവാശ്യം വീതം വിദേശ പര്യടനം നടത്തി;

(ബി) ഏതെല്ലാം വിദേശ രാജ്യങ്ങളാണ് ഇവർ സന്ദർശിച്ചത്;

(സി) ഇവർ വിദേശ പര്യടനം നടത്തിയപ്പോൾ ആരെല്ലാമായി ധാരണാ പത്രങ്ങൾ ഒപ്പു വച്ചു;

(ഡി) സംസ്ഥാനത്ത് നിക്ഷേപം നടത്താമെന്ന് ഈ മന്ത്രിമാർക്ക് ആരെല്ലാം ഉറപ്പു നൽകി;

---

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly